


# സമ്മോഹനം ഈ ലളിതജീവിതം

ദേവദത്ത് ജി. പുറക്കാട്



**മാനവരാശി** ഗുരുതരമായ അപകടങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്ന ആശങ്കയിലാണ് ബഹുഭൂരിപക്ഷം ജനങ്ങളും ഓരോ ദിവസവും തള്ളിനീക്കുന്നത്. കലുഷിതമായ ഒരു പൊതുസ്ഥിതി! പ്രകൃതി, ദൈവം, ജാതി, മതം, സമ്പത്ത്, രാജ്യങ്ങൾ, രാഷ്ട്രീയം, ശാസ്ത്രം തുടങ്ങി സമൂഹത്തിന്റെ സർവ മേഖലകളിലും പുതിയ നീരാളിപ്പിടുത്തങ്ങൾ മുറുകിക്കൊണ്ടിരിക്കുന്നു. 'പിടിച്ചടക്കുക'യെന്നതു മാത്രമാണ് എവിടെയും ലക്ഷ്യമെന്ന് പാവം ജനത കണ്ടുകണ്ടേയിരിക്കുന്നു; അതിലവർ അറിയാതെ അലിഞ്ഞുചേരുന്നു.

പ്രത്യയശാസ്ത്രങ്ങൾ വിരചിച്ച് അവയിൽ അണികളെ ഹിപ്നോട്ടിസം ചെയ്ത് നേതാക്കളും അധികാരികളും ആനന്ദിക്കുന്നു. ജനതയെ ഈ മയക്കങ്ങളിൽനിന്ന് ഉണർത്തിയെടുക്കാൻ ആരെങ്കിലും ശ്രമിക്കുന്നുണ്ടോ?

അവിടവിടെ കൊച്ചു കൊച്ചു പ്രതിധ്വനികൾ സൃഷ്ടിച്ച് ചിലർ സംതൃപ്തരാകുന്നുവെന്ന് മാത്രം! ഈയൊരു പരിസരത്ത് പ്രവാചകന്റെ ജീവിതത്തിന്റെ പ്രസക്തി ഏറെയാണ്. വൈവിധ്യങ്ങളും വൈരുധ്യങ്ങളും മനുഷ്യന്റെ കൂടെപ്പിറപ്പാണ്. പക്ഷേ, വിഭാഗീയതകൾ ജന്മസിദ്ധമല്ല. നാം തനിയേ സൃഷ്ടിച്ചതാണ്. വിഭാഗീയതകളുടെ ഈ ജീവിത ക്രമത്തിൽ 'ഒരുമപ്പെടലി'ന്റെ ആവശ്യം സമൂഹം തിരിച്ചറിയുന്നു. ഏകദൈവവിശ്വാസത്തിന്റെയും മനുഷ്യ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പര്യായമായ പ്രവാചകൻ മുഹമ്മദ് നബി തിരുമേനിയുടെ പ്രബോധനങ്ങൾ ഒരു പ്രകാശ

ഗോപുരമായി വിശ്വമാകെ നിറഞ്ഞുനിൽക്കുന്നുവെന്നത് ഒരുപക്ഷേ ഈ കാലഘട്ട ത്തിന്റെ പുണ്യമായിരിക്കാം; ആവശ്യമായിരിക്കാം.

ക്രിസ്തുവർഷം 570 ഏപ്രിലിൽ (ആഗസ്റ്റ് എന്നും അഭിപ്രായം) മുഹമ്മദ് നബി ഭൂജാതനായി. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് അന്ധവിശ്വാസങ്ങളുടെയും അനാ ചാരങ്ങളുടെയും അടിമകളായി കഴിഞ്ഞുകൂടിയിരുന്ന അറേബ്യയിലെ ഒരു വലിയ സമൂഹത്തെ രക്ഷിച്ചെടുക്കാൻ നടന്ന വിശുദ്ധ പോരാട്ടങ്ങളുടെ വിമോചന നായക നായിരുന്നു മുഹമ്മദ്. നാൽപതാം വയസ്സിൽ പ്രവാചകനെന്ന നിലയിലേക്ക് മുഹ മ്മദ് ഉയർത്തപ്പെടുമ്പോഴേക്കും പ്രബോധനത്തിന്റെ പാതകളിലേക്ക് അദ്ദേഹം പ്രയാ ണമാരംഭിച്ചിരുന്നു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പുണർന്നിരുന്ന സമൂഹം കൈക്കൊണ്ട ക്രൂരമായ പീഡനങ്ങൾക്ക് മുഹമ്മദും അനുയായികളും വിധേ യരായി. പക്ഷേ, മുഹമ്മദ് വിജയിച്ചു. ഈ കാലഘട്ടവും ആ മുഹമ്മദിനെ ആവശ്യ പ്പെടുന്നുവോ?

ഉദാത്തമായ മാതൃകകളുടെ നിറസാന്നിധ്യമായിരുന്നു മുഹമ്മദിന്റ ജീവിതം. ഭാഷ, ഭക്ഷണം, വേഷം, ആചാരങ്ങൾ, വിശ്വാസങ്ങൾ, കർമങ്ങൾ എന്ന് തുടങ്ങി സർവ ചരാചരങ്ങളുടെയും നിലനിൽപിന് ഒരു മാതൃകാ ജീവിതം വേണമെന്ന് അദ്ദേഹം കാട്ടിത്തന്നു. ബാല്യകാലം മുതലേ മക്കയിലെ വ്യത്യസ്ത സമൂഹങ്ങ ളിൽപെട്ടവരുമായി മുഹമ്മദിനുണ്ടായിരുന്ന സൗഹൃദങ്ങൾ പ്രസിദ്ധമാണ്.

ദുർബലരുടെയും പീഡിതരുടെയും മുന്നിൽ അദ്ദേഹം കാരുണ്യത്തിന്റെ പച്ച പ്പരവതാനി വിരിച്ചു. കാരുണ്യസാഗരമായിരുന്നു അദ്ദേഹം. തന്റെ പടയങ്കി മുസ്ലിം വിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന ജൂതസമൂഹത്തിലെ ഒരാൾക്ക് പണയമായി നൽകിയപ്പോൾ, മുഹമ്മദ് സാർവലൗകിക സാഹോദര്യത്തിന്റെ ഉന്നത മാതൃക തീർക്കുകയായിരുന്നു. മതസഹിഷ്ണുതയും മുഹമ്മദ് നബി തിരുമേനിയുടെ ഔന്ന ത്യത്തിന് കാരണങ്ങളായിരുന്നു.

ഒരു മതസമ്മേളനത്തിന്റെ ഭാഗമായി മദീനയിൽ എത്തിച്ചേർന്ന ക്രൈസ്തവ പണ്ഡിതന്മാർക്ക് സമ്മേളനവേദിയായത് മുഹമ്മദിന്റെ സ്വന്തം പള്ളിയായിരുന്നു. സമ്മേളനത്തിനിടയിൽ പ്രാർഥനക്കായി പുറത്തുപോകാൻ അനുവാദം ചോദിച്ച ക്രൈസ്തവ പുരോഹിതർക്ക് പ്രാർഥന പള്ളിയിൽ വെച്ചുതന്നെയാകാമെന്ന് പറയു കയായിരുന്നു പ്രവാചകൻ.

നബിതിരുമേനിയുടെ ലാളിത്യത്തിന് ഉദാഹരണമാണ്, മദീനയിലെ ജനങ്ങൾ തിരുമേനിയെ ആദ്യം തിരിച്ചറിയാൻ കഴിയാതെ പോയത്. വൃക്ഷച്ചുവട്ടിൽ വിശ്രമി ക്കുന്ന നബിതിരുമേനിയോടൊപ്പം ഇരുന്ന ഹസ്രത്ത് അബൂബക്കറിനെയാണ് സ്വീക രിക്കാനെത്തിയവർ പ്രവാചകനായി തെറ്റിദ്ധരിച്ചത്. ഹസ്രത്ത് അബൂബക്കർ തന്നെ സമയോചിതമായി ഇടപെട്ട് തിരുമേനിയെ അവർക്ക് പരിചയപ്പെടുത്തിയപ്പോൾ ആ ലാളിത്യത്തിന്റെ പരപ്പാണ് കാണാൻ കഴിഞ്ഞത്.

ലോകചരിത്രത്തിലെ നൂറ് മഹദ് വ്യക്തികളെ തെരഞ്ഞെടുത്ത ഇംഗ്ലീഷുകാര നായ പ്രശസ്ത ഗ്രന്ഥകാരൻ മൈക്കിൾ എച്ച്. ഹർട്ട്, മുഹമ്മദ് നബിക്ക് ആ പട്ടിക യിൽ ഒന്നാം സ്ഥാനമാണ് നൽകിയത്. 'എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക' മുഹ മ്മദ് നബിയെ വിശേഷിപ്പിച്ചത് Most successful of all Prophets എന്നാണ്.

വിശുദ്ധ ഖുർആൻ പറയുന്നു: "സർവലോകർക്കും നീ കാരുണ്യമായിരിക്കും". അല്ലാഹുവിന്റെ പ്രവാചകൻ ലോകത്തിന് ഉത്തമ മാതൃകയാണ്. ശ്രേഷ്ഠമായ ഗുണ വിശേഷങ്ങൾ ഉൾക്കൊള്ളുന്നു പ്രവാചകൻ. ഇങ്ങനെ ആ ധന്യജീവിതത്തെ പഠി

ക്കാൻ ശ്രമിക്കുമ്പോഴാണ് ആ ജീവിതത്തിന്റെ കാലിക പ്രസക്തി നമുക്ക് ബോധ്യമാവുന്നത്.

തന്റെ ഖബ്ർ ഉൾപ്പെടെ ആരുടെയും ഖബ്റിടങ്ങളെ ആരാധിക്കുകയോ അവിടേക്ക് തീർഥാടനം നടത്തുകയോ അരുത്. ഏകദൈവത്തെ മാത്രമേ അനുസരിക്കാവൂ, ആരാധിക്കാവൂ എന്നായിരുന്നു നബിതിരുമേനിയുടെ മരണശയ്യയിലെ ഒരു നിർദേശം. ഈ ഒരു സന്ദേശം മതി, ഇന്ന് ലോകത്തിന്റെ മുന്നിലുള്ള എത്രയോ പ്രശ്നങ്ങൾക്ക് പരിഹാരമാകാൻ. ഏവരും ഒന്നാം സ്ഥാനത്തിനും എല്ലാവരാലും ആദരിക്കപ്പെടാനും ആരാധിക്കപ്പെടാനുമുള്ള മത്സരത്തിലാണല്ലോ ഇന്ന്.

'മാനവികതയുടെ മാർഗദർശകൻ' എന്ന് മുഹമ്മദ് നബിയെ വിശേഷിപ്പിക്കുമ്പോൾ പ്രവാചകന്റെ ഉപദേശങ്ങൾ അനുസരിക്കാനും നാം ബാധ്യസ്ഥരാണ്.

വ്യക്തിപൂജകൾക്കും വിഗ്രഹാരാധനകൾക്കും അവസാനം കുറിക്കാനുള്ള ശ്രമങ്ങളാണ് 'വിപ്ലവം'. അതിലൂടെ എത്രയോ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകും. മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് പഠിപ്പിച്ച നബി തിരുമേനിയുടെ ജീവിതം ആദർശത്തിൽ അധിഷ്ഠിതമായ 'വിപ്ലവമായിരുന്നു. മുഹമ്മദിന്റെ ജീവിതം സുതാര്യമായിരുന്നു, ഒരു തുറന്ന പുസ്തകമായിരുന്നു. അതുകൊണ്ടുതന്നെ വിമർശനങ്ങൾ ഏറെയുണ്ടാകും, ഉണ്ടായി, ഉണ്ടായിക്കൊണ്ടിരിക്കുന്നു. അറിയപ്പെടാത്ത ജീവിതങ്ങൾ ഒരിക്കലും വിമർശിക്കപ്പെടുകയില്ല!

പരിശുദ്ധ പ്രവാചകന്റെ ജീവിതയാത്ര വിഭാഗീയതയുടെ ശബ്ദഘോഷമായിരുന്നില്ല. നിർഭാഗ്യവശാൽ ഇസ്‌ലാം ചിലരുടെയെങ്കിലുമിടയിൽ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇസ്‌ലാം മതത്തിനുള്ളിലെ വിഭാഗീയതകളും അതിന് കാരണമായിട്ടില്ലേ? ഇസ്‌ലാമിന്റെ സമഭാവനയും ധന്യമായ ഉൾക്കരുത്തും അതിന് പ്രതിവിധിയാവട്ടെ. ■

---

കേരള പബ്ലിക് സർവീസ് കമീഷൻ അംഗം. സ്കൂൾ അധ്യാപകനായിരുന്നു. ആലപ്പുഴയിലെ പുറക്കാട് പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കൗൺസിൽ അംഗം എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. കേരള സാക്ഷരതാ മിഷൻ അതോറിറ്റിയുടെ സംസ്ഥാന നിർവാഹക സമിതിയംഗവുമായിരുന്നു.